ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : ഇലക്ട്രിക്കൽ ഡിപ്പാർട്ടുമെന്റിലെ ലാസ്കർ മാരുടെ ശമ്പളം ൫ ൦ രൂപയിൽ കവിയുമെന്നറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ പറഞ്ഞതിൽ നിന്നും തന്നെ ആ അറിവു കിട്ടുന്നുണ്ടല്ലോ.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : അങ്ങനെയുള്ള ക്രമക്കേട് തീർക്കാൻ താവമെന്തു് ആലോചിക്കുമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ക്രമക്കേടാണെന്നു തോന്നിയാൽ അതിനെപ്പറ്റി ആലോചിക്കാം.

സാഹിബ്ബു് ബഹദൂർ കെ. എ. മുഹമ്മദു് : ഈ ൫,൪൦൦ രൂപയ്ക്കുമേൽ ശമ്പളം കൊടുക്കുന്നതു് ഏതുദ്യോഗസ്ഥന്മാർക്കാണു് ?

ശ്രീ. ടി. കെ. നാരായണപിള്ള : കവനൻറ് ആഫീസർമാരായി നിയമിച്ചിട്ടുള്ളവർക്കാണു് അങ്ങനെ കൂടുതൽ ശമ്പളം കൊടുക്കുന്നതു്.

പബ്ലിക്കു് സർവ്വീസു് നിയമനങ്ങൾ

*൭൦൦. (൨൯) സാഹിബ്ബു് ബഹദൂർ വി. ചെല്ലാടിറാവുത്തർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) പബ്ലിക്കു് സർവ്വീസു് നിയമനങ്ങൾക്കുവേണ്ടി പേരു റജിസ്റ്റർചെയ്തിട്ടുള്ളവർക്കു തക്കകാലങ്ങളിൽ ഉദ്യോഗം ലഭിക്കാതെ എക്സ്ചേഞ്ച് കഴിഞ്ഞുപോയവരുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കൊച്ചിയിലെത്ര, തിരുവിതാംകൂറിലെത്ര ?

ശ്രീ. ടി. കെ. നാരായണപിള്ള : (എ) & (ബി) ഈ ചോദ്യങ്ങൾക്കു് ഉത്തരം തയാറാക്കുന്നതിനു് ആവശ്യമുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനു വിനിയോഗിക്കേണ്ട സമയവും അദ്ധ്വാനവും അതിൽനിന്നുളവാകുന്ന ഫലത്തിനു് അനുയോജ്യമായിരിക്കയില്ലെന്നു കരുതേണ്ടിയിരിക്കുന്നു.

പിന്നോക്കസമുദായ ഉദ്യോഗസ്ഥന്മാർ

* ൭൦൧. (൨൰) ശ്രീ. ടി. വി. തേവൻ :† താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

വ്യയസങ്കോചനാർത്ഥം പിരിച്ചുവിടുന്ന ഉദ്യോഗസ്ഥന്മാരിൽ പിന്നോക്കസമുദായത്തിലുള്ളവർ ഉൾപ്പെടുമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ഈ കാര്യം താവമ്മെന്തിന്റെ ആലോചനയിൽ ഇരിക്കുകയാണു്.

ഹിന്ദുക്കളായ പിന്നോക്കസമുദായക്കാർ

* ൭൦൨. (൨൱) ശ്രീ. ടി. വി. തേവൻ :† താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട അവശേസമുദായസംരക്ഷണമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഹിന്ദുക്കളായ പിന്നോക്കസമുദായക്കാക്കു് ഈ വർഷം അനുവദിച്ചിരുന്ന തുകയിൽനിന്നും വേറെ ആക്കെങ്കിലും ധനസഹായംചെയ്തിട്ടുണ്ടോയെന്നു ദയവായി പറയാമോ ;

(ബി) ഉണ്ടെങ്കിൽ അതു് ഏതു ന്യായത്തിലാണു് കൊടുത്തതെന്നു പറയുവാൻ ദയവുണ്ടാകുമോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ :

(എ) ഹിന്ദുക്കളായ പിന്നോക്കസമുദായക്കാക്കു മാത്രമായി യാതൊരു തുകയും അനുവദിച്ചിട്ടില്ല. ആ നിലയിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ബി) മേൽ ഉത്തരംകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

HIGH COURT STAFF

***703.** [20] **Sri]. K. P. Nilakanta Pillai :** Will the Hon'ble Chief Justice be pleased to state:—

†The answer to this question was laid on the table, the questioner being absent.

LIBRARY ARCHIVES Kerala Legislative Assembly